(Pages : 3) **P – 3234**

**Reg. No. : .............................**

**Name : ..................................**

## Ph.D. ENTRANCE EXAMINATION, NOVEMBER 2022

## FACULTY OF ORIENTAL STUDIES

## MALAYALAM

Time : 3 Hours Max. Marks : 100

***Instructions*** **:**

1) *Answer* ***any ten*** *questions each from* Section ***A*** *and* ***B.***
2) *Each question carries* **5** *marks.*
3) *No additional Answer sheets will be provided.*
4) *Candidates should clearly indicate the section, Question number in the answer booklet.*

### ഭാഗം - **A**

### (ഗവേഷണ രീതിശാസ്ത്രം)

I. ഏതെങ്കിലും **പത്തു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

1. വിവരണാത്മക ഗവേഷണം എന്നാൽ എന്ത്?

2. ദത്തസമാഹരണം എന്നാൽ എന്ത്? അതിനുള്ള വ്യത്യസ്തരീതികൾ എന്തെല്ലാം?

3. ഗവേഷണ രൂപരേഖ എന്നാൽ എന്ത്? അതിൽ ഉൾപ്പെടുത്തേണ്ട പ്രധാന കാര്യങ്ങൾ എന്തെല്ലാം?

4. ഭാഷാ-സാഹിത്യഗവേഷണരംഗവും ഡിജിറ്റൽ സാങ്കേതികവിദ്യയും - കുറിപ്പെഴുതുക.

5. ഗവേഷണവിഷയം സ്വീകരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം?

6. ബഹുവിഷയക സമീപനം (മൾട്ടി ഡിസിപ്ലിനറി) എന്നാൽ എന്ത്?

7. ഗവേഷണവും സാമൂഹ്യപുരോഗതിയും - കുറിപ്പെഴുതുക.

8. ഗവേഷണത്തിൽ ഗവേഷകൻ പുലർത്തേണ്ടുന്ന ധാർമ്മികതയെപ്പറ്റി വിവരിക്കുക.

9. ഭാഷാ-സാഹിത്യപഠനങ്ങളിൽ ഘടനാവാദ സമീപനത്തിനുള്ള സാധ്യതകൾ എന്തെല്ലാം?

10. ഗവേഷണത്തിൽ ആസൂത്രണത്തിനുള്ള പങ്ക് വിവരിക്കുക.

11. ഗവേഷകനും മാർഗ്ഗദർശിയും തമ്മിലുള്ള ബന്ധത്തെപ്പറ്റി വിവരിക്കുക.

12. ഫോക്‌ലോർ ഗവേഷണത്തിൽ ആവേദകനുള്ള പ്രാധാന്യമെന്ത്? ആവേദകന്റെ ഗുണങ്ങൾ എന്തെല്ലാം?

13. ഗവേഷണത്തിന്റെ വിവിധ ഘട്ടങ്ങൾ ഏവ?

14. പ്രബന്ധരചനയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം?

15. ഗവേഷകനുണ്ടായിരിക്കേണ്ട ഗുണങ്ങൾ എന്തെല്ലാം?

**(10 $\times$ 5 = 50 Marks)**

ഭാഗം - **B**

**(മലയാളം)**

II. ഏതെങ്കിലും **പത്തു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

1. സംസ്കാരപഠനം (കൾച്ചറൽ സ്റ്റഡീസ്) എന്നാൽ എന്ത്? സമകാല മലയാളനിരൂപണത്തിൽ ഇതിനുള്ള പ്രസക്തി വിവരിക്കുക.

2. മാതൃഭാഷയും ജനാധിപത്യവും - ചർച്ച ചെയ്യുക.

3. സമകാല മലയാള നോവലുകളെ സ്ത്രീവാദവീക്ഷണത്തിൽ വിലയിരുത്തുക.

4. മലയാളഭാഷയുടെ ഉല്പത്തിയെ സംബന്ധിച്ച പ്രധാന വാദങ്ങൾ സംഗ്രഹിക്കുക.

5. ആഗോളീകരണത്തിന്റെ സാംസ്കാരികയുക്തികളോടുള്ള ഉത്കണ്ഠകൾ മലയാള ചെറുകഥയിൽ ആവിഷ്കരിക്കപ്പെട്ടതെങ്ങനെയെല്ലാം?

6. നവോത്ഥാനത്തിന്റെ ആശയലോകങ്ങൾ മലയാളകവിതയെ സ്വാധീനിച്ചതെങ്ങനെ?

7. പ്രാദേശിക ചരിത്ര-സംസ്കാര പഠനങ്ങൾക്കുള്ള ഉപാദാനങ്ങൾ എന്ന നിലയിൽ ഫോക്‌ലോറിനെ വിലയിരുത്തുക.

8. രീതിസിദ്ധാന്തത്തെയും ശൈലീവിജ്ഞാനത്തെയും താരതമ്യം ചെയ്തുകൊണ്ട് കുറിപ്പ് തയ്യാറാക്കുക.

9. മലയാള രാഷ്ട്രീയ നാടകവേദിയുടെ ഉദയവികാസങ്ങളെപ്പറ്റി ചർച്ച ചെയ്യുക.

10. പുതുകവിതയിലെ ദളിത് ജീവിത പ്രതിനിധാനങ്ങളെപ്പറ്റി ചർച്ച ചെയ്യുക.

11. പരിസ്ഥിതിസൗന്ദര്യശാസ്ത്രത്തിന്റെ സ്വാധീനതകൾ മലയാള സാഹിത്യ നിരൂപണത്തിൽ എപ്രകാരമാണെന്നു വിലയിരുത്തുക.

12. മലയാളഭാഷയുടെ രൂപീകരണത്തിനു നിയാമകമായി കേരളപാണിനി പറയുന്ന ആറു നയങ്ങൾ എന്തെല്ലാം?

13. ആധുനിക മലയാള ഗദ്യത്തിന്റെ രൂപീകരണത്തിൽ മിഷണറിമാർ വഹിച്ച പങ്ക് വിവരിക്കുക.

14. മണിപ്രവാളകവിതകളിലെ ജീവിതദർശനത്തെയും സാംസ്കാരികതയെയും ചരിത്രപരമായി വിലയിരുത്തുക.

15. മലയാളിയുടെ പൊതുബോധരൂപീകരണത്തിൽ ആദ്യകാല പത്ര-മാസികകൾ വഹിച്ച പങ്ക് വിലയിരുത്തുക.

**(10 × 5 = 50 Marks)**